PESQUISA Peer Reviewed Journal
www.pesquisaonline.net
ISSN-2455-0736 (Print)
ISSN-2456-4052(Online)

# സമകാലിക മാധ്യമപ്രവണതകൾ – ആരാച്ചാരിൽ

**Dr. Anila CS**
*Assistant Professor on contract, Pavanatma College, Murickassery.*
*anilaattuvassery@gmail.com*

**സംഗ്രഹം (Abstract)**

**ഇന്ന് മാനുഷിക ജീവിതത്തിൽ നിന്നും ഒഴിവാക്കാൻ കഴിയാത്ത ഒന്നായി മാറിയിരിക്കുകയാണ് മാധ്യമങ്ങൾ. സാധാരണ ജീവിതസംഭവങ്ങളെ പൊടിപ്പും തൊങ്ങലും വച്ച് ജനസമക്ഷത്തിലെത്തിക്കുന്ന മാധ്യമങ്ങളുടെ ഒരവതരണം കെ.ആർ. മീര തന്റെ ആരാച്ചാർ എന്ന നോവലിലൂടെ പ്രദർശിപ്പിക്കുന്നു.**

മലയാള നോവൽ ചരിത്രത്തിൽ വേറിട്ടുനിൽക്കുന്ന ഒരു കഥയും, ആ കഥയെ ഭൂതവർത്തമാനകാലത്തിലൂടെ ഏറെ ബന്ധിപ്പിച്ച് വായനക്കാരനെ ഓർമ്മകളുടെ ശക്തികൂടി ബോധ്യപ്പെടുത്തുകയാണ് കെ.ആർ.മീര തന്റെ ആരാച്ചാരിലൂടെ. ആരാച്ചാർ എന്ന നോവലിൽ നിന്നും വായനക്കാരൻ മനസ് മടക്കുമ്പോൾ അവന്റെ ഉള്ളിൽ തെളിഞ്ഞ് നിൽക്കുന്നത് ഒരു കഴുമരവും അതിനോട് ചേർന്നുനിൽക്കുന്ന ശക്തമായ സ്ത്രീത്വത്തിന്റെ പ്രതീകം ചേതനാഗൃദ്ധാമല്ലിക്കുമാണ്. സ്ത്രീത്വബോധത്തിൽ നിന്നുകൊണ്ട് ജീവിതത്തിന്റെ വൈകാരികഭാവതലങ്ങൾ ആവിഷ്കരിക്കുന്നതിൽ മീര തന്റെ കഴിവ് വീണ്ടും വീണ്ടും തെളിയിക്കുകയാണ് ഓരോ കൃതികളിലൂടെയും.

യതീന്ദ്രനാഥ ബാനർജി എന്ന കൊലയാളിയും അയാളുടെ വധശിക്ഷയുമാണ് നോവലിലെ ഒരു പ്രധാന പ്രമേയം. ആ പ്രമേയത്തിലൂടെ ആരാച്ചാർ പദവി പാരമ്പര്യമായി തുടർന്നുപോരികയും അതിൽ ഒരു കണ്ണിയായി തീരുകയും ചെയ്യുന്ന ചേതനാഗൃദ്ധാമല്ലിക്കിന്റെ ജീവിതവും കാണാൻ കഴിയുന്നു. ആ ജീവിതത്തോടൊപ്പം കൊൽക്കത്തയുടെയും ഗൃദ്ധാമല്ലിക്ക് കുടുംബത്തിന്റെയും ചരിത്രത്തിലൂടെ നാം കടന്നുപോകുന്നു. രാധാ രമൺ മല്ലിക്കിൽ നിന്ന് തുടങ്ങി ചേതനാഗൃദ്ധാമല്ലിക്കിൽ എത്തിനിൽക്കുന്ന ആ വംശചരിത്രത്തിലെ രണ്ടാമത്തെ പെൺ ആരാച്ചാരാണ് ചേതന. ആദ്യത്തേത് പിംഗളകേശിനിയും. എന്നാൽ ഔദ്യോഗികമായി ഒരു പെൺ ആരാച്ചാരായി മാറുന്നത് ചേതനയാണ്. നോവലിൽ പല സന്ദർഭങ്ങളിലും തന്റെ വംശചരിത്രത്തിലൂടെ കടന്നുപോകുന്ന ചേതന ആ കഥകളാൽ പ്രചോദിതയാകുന്നത് കാണാൻ കഴിയുന്നു.

കൊൽക്കത്തയുടെ ഇടനാഴികളിലൂടെ കടന്ന് ചേതനയെന്ന സ്ത്രീത്വത്തിലൂടെ സഞ്ചരിക്കുമ്പോൾ ആരാച്ചാരിൽ ഏറെ ശ്രദ്ധിക്കേണ്ട ഒന്നാണ് അതിലെ മാധ്യമസ്വാധീനം. കൊൽക്കത്തയുടെയും ഗൃദ്ധാമല്ലിക്കിന്റെയും ഭൂതകാലചരിത്രത്തിൽ നിന്നും വ്യത്യസ്തമായി വർത്തമാനകാലത്തിന്റെ അതായത് സമകാലിക പ്രത്യേകതയുള്ള കഥാപാത്രമാണ് സി.എൻ.സി. ചാനൽ പ്രവർത്തകനായ സഞ്ജീവ്കുമാർ മിത്ര. മനുഷ്യന്റെ സ്വകാര്യതകളിലേയ്ക്കു പോലും ഒളിഞ്ഞുനോക്കുവാൻ മടിയില്ലാത്ത ക്യാമറയുടെ സാന്നിദ്ധ്യം ആരാച്ചാരിൽ ഉടനീളമുണ്ട്. കച്ചവടതന്ത്രം എന്നത് ലോകത്തെ മുഴുവൻ കാർന്നുതിന്നുകൊണ്ടിരിക്കുന്ന ഒരു അർബുദമാണ്. ഇവിടെ അതിന്റെ പ്രതിനിധിയാണ് സഞ്ജീവ്കുമാർ മിത്ര. ഉൽപ്പന്നങ്ങളുടെ പരസ്യങ്ങളിൽ കുടുങ്ങുന്ന ഉപഭോക്താക്കളെപോലെ സഞ്ജീവ് മിത്രയുടെ വാക്കുകളിൽ ചേതനയുടെ പിതാവായ ഫണിഭൂഷൺ ഗൃദ്ധാമല്ലിക്കിന് നില തെറ്റുന്നു. എന്നാൽ ആ നിലതെറ്റലിലും ജനങ്ങളുടെ കാഴ്ചപ്പാടിൽ വന്ന മാറ്റത്തെയും നോവലിസ്റ്റ് കാട്ടിത്തരുന്നു. അതായത് തന്റെ ലക്ഷ്യസാധ്യത്തിനുള്ള ഒരു ഉപകരണമായി അദ്ദേഹം മാധ്യമത്തെ കാണുന്നു.

ചുറ്റും കാണുന്ന ഏതൊരും സംഭവത്തെയും തന്റെ മാധ്യമത്തിന്റെ എക്സ്ക്ലൂസീവ് ആക്കാൻ ശ്രമിക്കുന്ന ഒരു നവമാധ്യമ പ്രതിനിധിയാണ് സഞ്ജീവ്കുമാർ മിത്ര. ഗൃദ്ധാമല്ലിക്കിന്റെ കുടുംബത്തിന്റെ ദാരിദ്ര്യത്തെയും നിസ്സഹായതയേയും മുതലെടുക്കുകയാണ് അയാൾ. ചേതന എന്ന വ്യക്തിയിലൂടെ അയാളുടെ ക്യാമറ കണ്ണുകൾ സഞ്ചരിക്കുന്നത് നോവലിന്റെ തുടക്കത്തിൽതന്നെ കാണാൻ കഴിയുന്നു. മിത്രയോട് സ്ത്രീസഹജമായ ഒരാരാധന ചേതനയ്ക്ക് ഉണ്ടാകുന്നുണ്ട്. എന്നാൽ രാമുദായുടെ നിസ്സഹായാവസ്ഥയും തന്റെ ചാനലിന് ചൂടുള്ള വാർത്തയാക്കാൻ ശ്രമിക്കുന്ന മിത്രയുടെ ക്യാമറ അവൾ തട്ടിയെറിയുന്നു. ഇതിൽ അരിശം മൂത്ത മിത്ര നിന്നെ ഒരിക്കലെങ്കിലും ഒന്ന് അനുഭവിക്കണം എന്ന് ചേതനയോട് പറയുമ്പോൾ അവൾ അയാളെ എഴുനൂറ്റി ഇരുപത്തിയേഴ് വിധത്തിൽ കഴുത്തിൽ കുടുക്കിട്ട് ലിവർ വലിക്കുന്നതായി സങ്കല്പിക്കുന്നു.

മാധ്യമങ്ങൾ വിചാരിച്ചാൽ നടക്കാത്തതായി ഒന്നുമില്ല എന്നൊരു ധാരണ മിത്രയിലൂടെ നമുക്ക് കാട്ടിത്തരാൻ എഴുത്തുകാരി ശ്രമിച്ചിട്ടുണ്ട്. സി.എൻ.സി. ചാനൽ നടത്തുന്ന കമ്പനിയുടെ പ്രസിദ്ധീകരണത്തിൽ ഗൃദ്ധാമല്ലിക്കിന്റെ ആത്മകഥ പ്രസിദ്ധീകരിക്കാൻ താല്പര്യമുണ്ടെന്ന മിത്രയുടെ ആഗ്രഹത്തെ അദ്ദേഹം നിരുത്സാഹപ്പെടുത്തുമ്പോൾ ചേതനയുടെ ജോലിക്കാര്യത്തെക്കുറിച്ച് ഒന്നുകൂടി ചിന്തിക്കേണ്ടിവരുമെന്ന് മിത്ര ഭീഷണിയുടെ സ്വരം മുഴക്കുന്നു. നിരാലംബരുടെ മുന്നിൽ കയ്യൂക്ക് കാട്ടുന്ന മാധ്യമപ്രവർത്തകനായി മാറുന്നു അയാൾ. ചേതനയെ വിവാഹം കഴിക്കും എന്ന വാഗ്ദാനം മുന്നേ തന്നെ നൽകി ഗൃദ്ധാമല്ലിക്കിനെ തന്റെ വരുതിയിലാക്കിയിരുന്ന മിത്ര ഒടുവിൽ അയ്യായിരത്തിയൊന്ന് രൂപയ്ക്ക് ചേതനയെ തന്റെ ചാനലിലേയ്ക്ക് ദത്തെടുക്കുന്നു. അങ്ങനെ സി.എൻ.സി. ചാനൽ നടത്തുന്ന ഹാങ്വുമൺ ഡയറിയിലേക്ക് വധശിക്ഷ നടപ്പാക്കുന്നതുവരെ ചേതനയെ ഒറ്റിയ്ക്കെടുക്കുന്നു സഞ്ജീവ്കുമാർമിത്ര എന്ന സമകാലിക മാധ്യമക്കഴുകൻ.

ചാനൽ പരിപാടിയുടെ റേറ്റിംഗ് വർദ്ധിപ്പിക്കുക എന്നത് മാത്രമാണ് മാനുഷികത നഷ്ടപ്പെട്ട മാധ്യമപ്രവർത്തകന്റെ ലക്ഷ്യമെന്ന് കാട്ടിത്തരുന്നതാണ് മിത്രയുടെ പ്രവർത്തികൾ ഓരോന്നും. യതീന്ദ്രനാഥ ബാനർജിയുടെ ഭാര്യ കോകിലയേയും അമ്മയേയും അവരുടെ വികാരങ്ങളേയും അയാൾ തന്റെ ചാനൽ വിഭവത്തിനായി ഉപയോഗിക്കുന്നു. തൂക്കിക്കൊല കഴിഞ്ഞ് ജയിൽവളപ്പിന് പുറത്തെത്തുന്ന ചേതനയെ പോലീസുകാർക്ക് കൈമടക്ക് കൊടുത്ത് തന്ത്രപൂർവ്വം തന്റെ ചാനലിലേയ്ക്ക് എത്തിക്കുന്നു. ജ്യേഷ്ഠന്റെ വധശിക്ഷ ചാനൽ പ്രേക്ഷകർക്കുവേണ്ടി ആവർത്തിക്കുവാൻ അനുജനായ കാർത്തിക് ബാനർജിയെ സ്റ്റുഡിയോയിൽ എത്തിച്ച് ഒരു തൂക്കുമരവും കയറും സ്റ്റുഡിയോ ഫ്ളോറിൽ തയ്യാറാക്കിവയ്ക്കുകയാണ് മിത്ര. മനുഷ്യത്വത്തിന്റെ സമസ്ത തലങ്ങളും കൈമോശം വന്ന ഒരു നവീന കച്ചവട ചങ്ങലയിലെ ബലവത്തായ ഒരു കണ്ണിയായി മാറുകയാണ് മിത്ര എന്ന നരാധമൻ ഇവിടെ. ഒടുവിൽ അവനവൻ കുഴിക്കുന്ന കുഴിയിൽ അവനവൻ തന്നെ എന്ന ചൊല്ല് അന്വർത്ഥമാക്കി ആ കുരുക്കിൽ സ്വന്തം കഴുത്തിടാൻ വിധിക്കപ്പെടുന്നു.

മറ്റുള്ളവരുടെ സന്തോഷത്തേയും സങ്കടത്തേയും അതിന്റെ ആഴവും പരപ്പും മനസ്സിലാക്കാതെ, ഔചിത്യം നോക്കാതെ കടന്നുകയറി ഭാവനാതീതമായി കഥകൾ മെനയുന്ന മാധ്യമസംസ്കാരത്തെയാണ് ഇന്ന് കാണാൻ കഴിയുന്നത്. വാർത്ത മരണമായാലും കൊലപാതകമായാലും വധശിക്ഷയായാലും പീഢനമായാലും ആഘോഷിക്കുകയാണ് അവർ. അത്തരം മാധ്യമങ്ങളെ രാഷ്ട്രീയാധികാരശക്തികൾ പോലും ഭയപ്പെടുന്നു. തനിക്ക് അതീതമായി ചിന്തിക്കുന്നവനെ, സംസാരിക്കുന്നവനെ തകർത്തുകളയുവാൻ തന്ത്രങ്ങൾ മെനയുന്ന മാധ്യമത്തിന്റെ ശക്തനായ ഒരു പ്രതിനിധിയായിട്ടാണ് സഞ്ജീവ്കുമാർ മിത്ര ആരാച്ചാരിൽ മിന്നിത്തിളങ്ങുന്നത്.

**സഹായക ഗ്രന്ഥങ്ങൾ**

1. എരുമേലി പരമേശ്വരൻപിള്ള, മലയാള സാഹിത്യം കാലഘട്ടങ്ങളിലൂടെ
2. ഡോ. കെ.കെ. ശിവദാസ് (എഡിറ്റർ), മലയാള നോവൽ രണ്ടായിരത്തിനുശേഷം
3. കെ.ആർ. മീര, ആരാച്ചാർ
4. ഡോ. എൻ.എം. സണ്ണി (എഡിറ്റർ), നോവൽ വായന അനുഭവം